**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1883** **05-07-2022 - ൽ മറുപടിയ്ക്ക്**

**നെന്മാറ മണ്ഡലത്തിലെ കളിസ്ഥലം ഇല്ലാത്ത പഞ്ചായത്തുകൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ. ബാബു (നെന്മാറ) | | ശ്രീ. വി. അബ്ദുറഹിമാൻ<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ കളിസ്ഥലം ഇല്ലാത്ത പഞ്ചായത്തുകൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ; | (എ) | നെന്മാറ നിയോജക മണ്ഡലത്തിൽ കൊടുവായൂർ, പുതുനഗരം, വടവന്നൂർ, മുതലമട, എലവഞ്ചേരി, നെന്മാറ എന്നീ പഞ്ചായത്തുകളിൽ നിലവിൽ കളിസ്ഥലങ്ങൾ ഇല്ല. |
| (ബി) | ഇത്തരത്തിലുള്ള പഞ്ചായത്തുകൾക്ക് കളിസ്ഥലം അനുവദിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ? | (ബി) | ഒരു പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതിയുമായി ബന്ധപ്പെട്ട് ജനപ്രതിനിധികളിൽ നിന്നും മുൻഗണനാ അടിസ്ഥാനത്തിലുള്ള പ്രൊപ്പോസലുകൾ സ്വീകരിക്കുകയും പരിശോധിക്കുകയും സ്ഥല പരിശോധന നടത്തുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയിൽ പരാമർശിക്കുന്ന ഘടകങ്ങൾക്കനുസൃതമായവ തിരഞ്ഞെടുത്ത് മുൻഗണനാ പട്ടിക തയ്യാറാക്കുന്ന നടപടി സ്വീകരിച്ചു വരുന്നു. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗരേഖ പുറപ്പെടുവിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പ്രസ്തുത മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ ലഭ്യമാകുന്ന പ്രൊപ്പോസലുകൾ പരിശോധിച്ച് ഭരണാനുമതി നൽകികൊണ്ട് പദ്ധതി ആരംഭിക്കുന്നതിന് സമയബന്ധിതമായി നടപടി സ്വീകരിക്കുന്നതാണ്.<br><br>പ്രസ്തുത പദ്ധതിയുടെ ആദ്യഘട്ടത്തിൽ നെന്മാറ മണ്ഡലത്തിൽ കളിക്കളം നിർമ്മിക്കുന്ന പ്രവൃത്തി പരിഗണനയിലാണ്.<br><br>കൊടുവായൂർ പഞ്ചായത്തിന് കളിസ്ഥലം അനുവദിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ പരിശോധിക്കുന്നതാണ്.<br><br>പുതുനഗരം, വടവന്നൂർ, മുതലമട, എലവഞ്ചേരി എന്നീ പഞ്ചായത്തുകൾക്ക് കളിസ്ഥലം അനുവദിക്കുന്നതിനായി സ്ഥലം ലഭ്യതയുടെയും ഫണ്ട് ലഭ്യതയുടെയും അടിസ്ഥാനത്തിൽ ആയത് പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ